*29 കേരള ബറ്റാലിയൻ NCC മലപ്പുറം*

Dear Cadets and Parents,

നോവൽ കൊറോണ വൈറസ് (കോവിഡ് 19) സംബന്ധിച്ച് അതീവ സുരക്ഷാ മുന്നറിയിപ്പുകൾ നിങ്ങൾക്ക് ഇതിനോടകം ലഭിച്ചിട്ടുണ്ടല്ലോ.

പടർന്ന് പിടിച്ച രാജ്യങ്ങളിൽ എല്ലാം ആദ്യ രണ്ട് ഘട്ടങ്ങളിൽ ആളുകൾ ഇതിനെ ഒരു തമാശയോ ദൂരെ എവിടെയോ പടർന്നു പിടിച്ച എന്നെ ബാധിക്കില്ലാത്ത പകർച്ച വ്യാധി എന്ന തരത്തിലോ കണ്ടത് കൊണ്ടും പൊതു സ്ഥലങ്ങളിൽ നിർബാധം ഇറങ്ങി നടന്നത് കൊണ്ടും ആണ് മൂന്നും നാലും ഘട്ടങ്ങൾ വ്യാപകമായി പടരാൻ ഇടയായത്.

സംസ്ഥാന സർക്കാരും  കേന്ദ്ര സർക്കാരും നിർദ്ദേശിച്ചത് പ്രകാരം ഇനിയുള്ള ദിവസങ്ങളിൽ നമുക്ക് ശ്രദ്ധയോടെ കരുതലോടെ പെരുമാറാം..

*_കോവിഡ് 19 നെ കുറിച്ച് മാധ്യമങ്ങൾ ശ്രദ്ധിച്ച് കാര്യങ്ങൾ മനസ്സിലാക്കുക._*

അത്യാവശ്യ യാത്രകൾ മാത്രം നടത്താം.

കൂട്ടുകൂടി കളിക്കുന്നതും shakehand ചെയ്യുന്നതും അടുത്ത് ഇടപഴകുന്നതും പോലുള്ള എല്ലാ direct കൊണ്ടാക്ടുകളും ഒഴിവാക്കാം..

ഞായറാഴ്ച മുതലുള്ള ദിവസങ്ങളിൽ കഴിവതും പുറത്തിറങ്ങാതെ ശ്രദ്ധിക്കാം.

എല്ലാ കേഡറ്റുകളും നിങ്ങളുടെ ബന്ധുക്കളെയോ അയൽവാസികളെയോ കുടുംബ സുഹൃത്തുക്കളെയോ ഫോൺ വിളിച്ച് കോവിഡ് 19 ന്റെ ഗൗരവവും ശ്രദ്ധിക്കേണ്ട കാര്യങ്ങളും സൗഹൃദ സംഭാഷണത്തിന് ഇടയിൽ സൂചിപ്പിക്കുമല്ലോ..

പറയാൻ വേണ്ടി പറയുകയല്ല മറിച്ച് തമാശയായി കണക്കാക്കുന്നവരെ അതിന്റെ ഗൗരവം പറഞ്ഞു മനസിലാക്കി കൊടുക്കുകയാണ് വേണ്ടത്.

അത് പോലെ സോഷ്യൽ മീഡിയ വഴിയും കോവിഡിനെ പറ്റിയുള്ള അവബോധം പരത്തുവാൻ ശ്രമിക്കുമല്ലോ.. Status പോലുള്ളവ കോവിഡ് 19 അവബോധത്തിനായി ഉപയോഗിക്കുക.

യാതൊരു കാരണവശാലും ഭീതി പടർത്തുന്ന മെസേജുകൾ ഫോർവേഡ് ചെയ്യരുതെ..

Break the Chain എന്ന കാമ്പയിൻ നിങ്ങൾ ശ്രദ്ധിച്ചു കാണുമല്ലോ.

20 സെക്കൻഡ് സമയം എടുത്തു കൈ മുട്ടിന് താഴെ കൈപ്പത്തിയുടെ അകവും പുറവും തള്ള വിരലുകൾ ഉൾപ്പടെ നന്നായി വൃത്തിയാക്കി എങ്ങാനും നമ്മളിൽ എത്തിയിട്ടുള്ള വൈറസിനെ മറ്റുള്ളവർക്ക് നൽകാതെ നമ്മുടെ പ്രിയപ്പെട്ടവരെ സംരക്ഷിക്കാം...

പുറത്ത് പോയി വന്നാൽ സ്വയം ശുദ്ധി വരുത്താതെ മറ്റൊന്നും ചെയ്യാതെ ശ്രദ്ധിക്കുക.

കരുതലോടെ.. സ്നേഹപൂർവ്വം..

*പൊതു ജനതാല് പര്യാർത്ഥം*

*NCC യൂനിറ്റ്

TMG കോളേജ് തിരൂർ*